നം.കെ.എസ്.എ.പി.റ്റി.എ.പി.5/ 748/2016 തീയതി: 16 /7/2016

ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

2014-15 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 18.06.15 മുതൽ 30.06.16വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീ.വി.കെ. ഷാജി, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	കെ.എസ്.എ.പി.റ്റി.എ.പി-748(19)/2015 തിയതി.31.10.2015 (വിശേഷണങ്ങളോട് കൂടിയത്)

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം
23.06.2016 **മുതൽ** 05.07.2016 വരെ	ശ്രീ.സജു.ജി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. ശ്രീ.മനേഷ് കുമാർ.ജി.സീനിയർ ഗ്രേഡ് ഓഡിറ്റർ. ശ്രീ.ഹരികുമാർ. ബി.സീനിയർ ഗ്രേഡ് ഓഡിറ്റർ

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.ആർ.കുട്ടപ്പൻ നായർ	01.04.14മുതൽ 31.03.15വരെ

സെക്രട്ടറി	ശ്രീ.കെ.എൻ.വാസുദേവക്കുറുപ്പ്	01.04.14മുതൽ31.01.15 വരെ
	ശ്രീ.സി.കെ.രാധാകൃഷ്ണൻ നായർ.(അസിസ്റ്റന്റ് സെക്രട്ടറി) (സെക്രട്ടറിഇൻ ചാർജ്ജ്)	01.02.15 മുതൽ 31.03.15 വരെ

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

<u>ഭാഗം 1: പൊതു അവലോകനം</u>

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

<u>ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരിക്ഷണങ്ങൾ.

<u>ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരിക്ഷണങ്ങൾ.

<u>ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ബാലൻസ് ഷീറ്റ്- 2014-15
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2014-15
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2014-15
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഉള്ളടക്കം

ക്രമ നം.	വിഷയം	ഖണ്ഡിക നം.
	ഭാഗം-I	
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	പദ്ധതി നിർവ്വഹണ വിവരങ്ങൾ	1-7
8	തനത് വരുമാനം	1-8
9	ക്ഷേമപദ്ധതികൾ	1-9
10	ക്യാഷ് വെരിഫിക്കേഷൻ	1-10

11	ആഭ്യന്തരനിയന്ത്രണം	1-11
12	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-12
	ഭാഗം-2	
13	വസ്തുനികുതി പിരിവ് തൃപ്തികരമല്ല	2-1
14	കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല.	2-2
15	നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം	2-3
16	ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക ഇനത്തിൽ 19473 രൂപ പിരിച്ചെടുക്കുവാൻ ശേഷിക്കുന്നു.	2-4
17	തൊഴിൽ നികുതി പിരിവിലെ അപാകതകൾ	2-5
18	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	2-6
19	ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ പ്രവർത്തിക്കുന്നു.	2-7
20	പരസ്യ നികുതി	2-8
	ഭാഗം-3	
21	കോൺക്രീറ്റ് പ്രവർത്തിക്ക് അധിക നിരക്ക് നൽകി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം	3-1
22	പഞ്ചായത്ത് വാഹനത്തിന്റെ ദുരുപയോഗം	3-2
23	പണിതിട്ടും പണിതിട്ടും പണിതീരാത്ത അറവുശാല	3-3
24	വാർഷിക പദ്ധതിയിൽ എല്ലാ വികസന മേഖലകൾക്കും അർഹമായ പരിഗണന നൽകിയില്ല	3-4
25	സർവശിക്ഷാ അഭിയാൻ- അപാകതകൾ	3-5
26	ഭവന പുനരുദ്ധാരണം (എസ് സി)നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.	3-6
	ഭാഗം-4	
27	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും	4-1
28	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം	4-2
29	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-3
30	വായ്പ/ വായ്പ തിരിച്ചടവ്	4-4
31	സ്ഥിരനിക്ഷേപങ്ങൾ	4-5
32	ഓഡിറ്റ് റിക്കവറി	4-6
33	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
34	ഓഡിറ്റ് പ്രത്യവലോകനം	4-8
35	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9

ഭാഗം –1

പൊതു അവലോകനം

പൊതു അവലോകനം

1–1 ബജറ്റ്

2014-15വർഷത്തെ ബജറ്റ് 19.02.2014 തിയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

2014-15

ഇനം	പ്രതീക്ഷിച്ചത്	ബജറ്റിൽ വകയിരുത്തിയത്	വ്യത്യാസം കൂടുതൽ	കുറവ്	ശതമാനം (+) / (-)
മുന്നിരിപ്പ്	4640334	5822251	1181917		70.69(–)
വരവ്	86433000	46059378		40373622	53.28(-)
ആകെ	91073334	51881629.54		39191705	56.96(-)
ചെലവ്	88663000	41587040		47075960	46.90(-)
നീക്കിയിരിപ്പ്	2410334	10294589.54			23.41(–)

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1–2 വാർഷിക ധനകാര്യപത്രിക

വർഷം	ധനകാര്യപത്രിക ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്)
2014-15	15.05.15	11.06.15

1–3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റിന്റെ വിശദാംശം
2014-15	25.10.15	കെ.എസ്.എ.പി.റ്റി.എ.പി.1-748(19)2015 തീയതി.31.10.2015 (വിശേഷണങ്ങളോടുകൂടിയത്)

2014-15 വർഷത്തെ വാർഷിക കണക്കുകളിൽ ചൂണ്ടിക്കാണിച്ച അപാകതകൾ എല്ലാം തന്നെ പരിഹരിച്ചിട്ടുണ്ട്.

1–4 സാമ്പത്തിക വിശകലനം

ഇനം 2014-15

മുന്നിരിപ്പ്	5822251
വരവ്	46059378
ആകെ	51881629.54
ചെലവ്	41587040
നീക്കിയിരിപ്പ്	**10294589.54**

1-5 ഫണ്ട് വിനിയോഗം

..

2014-15

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് %
വികസനഫണ്ട് പൊതുവിഭാഗം	350589	5980000	6330589	5751695	578894	90.86
വികസനഫണ്ട് എസ്.സി.പി.	348660	4121000	4469660	3850088	619572	86.14
വികസനഫണ്ട് ടി.എസ്.പി.	2303	55000	57303	43000	14303	75.03
സംരക്ഷണ ഗ്രാന്റ്- റോഡ്	46969	4423000	4469969	4242473	227496	94.91
സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്)	186468	2180000	2366468	2215831	150637	93.63
13th CFCഗ്രാന്റ്	49448	3989190	4038638	3221956	816682	79.8
MNREGS	26780	6794629	6821409	6821409	0	0

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗികാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	അംഗികാരം ലഭിച്ചത്	അടങ്കൽ	നടപ്പാക്കിയത്	ഭാഗികമായി നടപ്പാക്കിയത്	ചെലവഴിച്ച തുക	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2014-15	111	41272363	78	18	22966675	15	56.64

1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

വികസന മേഖല	വർഷം	അംഗീകരിച്ച പ്രോജക്ടുകൾ		നടപ്പാക്കിയ പ്രോജക്ടുകൾ		
		എണ്ണം	അടങ്കൽ തുക	എണ്ണം	ചെലവ് തുക	ചെലവ് ശതമാനം
ഉല്പാദനം	2014-15	13	6044359	10	2623035	40.39
സേവനം	2014-15	55	22928340	43	11109122	48.45

പശ്ചാത്തലം	2014-15	43	12299664	43	9234518	75
മേഖലാ വിഭജനത്തിൽ ഉൾപ്പെടാത്തവ	2014-15	-	-	-	-	-
ആകെ		111	41272363	96	22966675	

<u>നിർബന്ധിത വകയിരുത്തലുകളും ചെലവും</u>

പദ്ധതി	വർഷം	വകയിരുത്തൽ	ചെലവ്
വനിതാ ഘടക പദ്ധതി	2014-15	2313600	928420
വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ	2014-15	1058000	985860
പാലിയേറ്റിവ് കെയർ	2014-15	350000	331330
ഖരമാലിന്യ നിർമ്മാർജ്ജനം	2014-15	3709750	0
പരിസ്ഥിതി സംരക്ഷണം	2014-15	0	0
യുവജന വികസന പദ്ധതി	2014-15	887000	690000

1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

<u>2014-15</u>

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	2751472	4432186	1680714	62.07(−)
നികുതിയേതര വരവുകൾ	1794857	1919980	125123	93.48(−)
മറ്റ് വരവുകൾ	32632791	39707212	7074421	82.18(−)
ആകെ	37179120	46059378	8880258	80.71(−)

1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	വർഷം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
കർഷകതൊഴിലാളി പെൻഷൻ	2014-15	181	1292696

വിധവാപെൻഷൻ	2014-15	412	2856207
വാർദ്ധക്യകാലപെൻഷൻ	2014-15	219	1945800
വികലാംഗപെൻഷൻ	2014-15	152	990377
50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2014-15	21	161560
തൊഴിൽ രഹിത വേതനം	2014-15	63	72000

1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2016-ൽ 11 A.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 4754 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-11 ആഭ്യന്തര നിയന്ത്രണം

വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. മിനിട്സ് ബുക്കുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ഇൻക്യുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ ജോലി ചെയ്തിരുന്ന വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ വിവരങ്ങൾ ഇൻക്യുംബൻസി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാതിരുന്നത് വീഴ്ചയാണ്. ഇൻക്യുംബൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കണ്ടിജെന്റ് ബിൽ റജിസ്റ്റർ, വസ്തുനികുതി അസസ്സ്മെന്റ്, ഡിമാന്റ് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം ഫലപ്രദമല്ല എന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു.

1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	മേയ് 2016	മാർച്ച് 2016	ലഭിച്ചിട്ടില്ല.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	ആഗസ്റ്റ് 2013	2012-13	01.10.2013

<u>ഭാഗം -2</u>

<u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

2-1 വസ്തുനികതി പിരിവ് തൃപ്തികരമല്ല

2014-2015 സാമ്പത്തിക വർഷത്തെ വസ്തു നികതി ഡിമാന്റ് രജിസ്റ്റർ, കടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വസ്തുനികതി ഇനത്തിൽ 9,28,765/- രൂപയും കടിശ്ശിക ഇനത്തിൽ 114350/-രൂപയും ഗ്രാമപഞ്ചായത്ത് ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	വാർഡ് നമ്പർ	തന്നാണ്ട്	കുടിശ്ശിക
1	I	21954	5990
2	II	18470	5504
3	III	4702	4994
4	IV	14914	1774
5	V	9133	5335
6	VI	96297	4575
7	VII	104883	4950
8	VIII	90029	3046
9	IX	32575	5059
10	X	44255	23713
11	XI	45375	2010
12	XII	51077	14016
13	XIII	346309	23384
14	XIV	48792	10000
ആകെ		928765	114350

വസ്തുനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ്യാതി അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടാകുന്നില്ല. വസ്തു നികുതി 01.04.13 മുതൽ പുതുക്കിയ നിരക്കിൽ ഈടാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ 16.12.15-ലെ സ.ഉ.(എം.എസ്.)നം. 358/15/ത.സ്വ.ഭ.വ. നമ്പരായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് അനുസരിച്ച് 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണം ഉള്ളതും ഏറ്റവും ഒടുവിൽ വസ്തു നികുതി നിർണ്ണയിച്ച ശേഷം ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിട്ടില്ലാത്തതുമായ വീടുകൾക്ക് 01.04.13-ന് മുൻപ് നിലവിലുണ്ടായിരുന്ന വസ്തു നികുതി ഈടാക്കിയാൽ മതി. 2000 ചതുരശ്ര അടിയ്ക്ക് മുകളിൽ തറ വിസ്തീർണ്ണമുള്ള സംഗതിയിൽ ഈ ഇനം വീടുകൾക്ക് നിലവിലുള്ള നികുതിയും 25% അധിക നികുതിയും ഈടാക്കേണ്ടതാണ്. മറ്റ് സംഗതികളിൽ ഏറ്റവും ഒടുവിലത്തെ വസ്തു നികുതി പുനർനിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ കൂട്ടിച്ചേർക്കൽ/ഘടനാപരമായ മാറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ വിസ്തൃതി പെർമിറ്റ്/അസസ്സ്മെന്റ് രജിസ്റ്ററുകളുമായി ഒത്തുനോക്കി തിട്ടപ്പെടുത്തിയ ശേഷം പുതിയ നിരക്കിൽ ഉള്ള നികുതി നിർണ്ണയിക്കേണ്ടതാണ്.മേൽ കാര്യങ്ങൾ പരിശോധിച്ച് സഞ്ചയ സോഫ്റ്റ് വെയർ ഡാറ്റ ബേസിലുള്ള വിവരങ്ങൾ സമഗ്രമാക്കി പരിഷ്കരിച്ച നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2008-09 മുതൽ 2011-12 വരെയുള്ള കാലയളവിൽ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് തുകകൾ റീഫണ്ട് ചെയ്യുവാൻ ബാക്കി നിൽക്കുന്നു.

ക്രമ നം	രസീത് നം & തീയതി	ഡെപ്പോസിറ്റ് തുക കെട്ടിവെച്ച വ്യക്തിയുടെ പേര്	ഡെപ്പോസിറ്റ് ചെയ്ത തുക
1	97/24489 31.03.09	രേണുകാദേവി, പുന്നപവീട്ടിൽ	1092
2	30/ 24498 06.04.09	എബ്രഹാം ഈശോ, തെക്കേതിൽ	3465
3	71/5637 06.01.11	ന്യൂ ഇന്ത്യ ഡ്രൈവിംഗ് സ്കൂൾ, ഇലവുംതിട്ട	7000
4	72/5637 06.01.11	വർഗ്ഗീസ് , ഡ്രൈവിംഗ് സ്കൂൾ	7000

5	41/46069 26.07.11	പ്രസന്നൻ നായർ, ഇലവുമൂട്ടിൽ	500
6	36/67662 28.09.11	പി.ബി.രാജു, കാണിക്കണ്ടത്തിൽ	1250
7	01/5599 16.12.11	ബിൻസു ഡാനിയൽ, ബിൻസു സദനം.	18750
8	11/67675 24.11.11	"	14450
ആകെ			53507

മേൽ തുകകൾ തിരികെ നൽകിയതായി ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേരള ഫിനാൻസ് കോഡ് വോള്യം-1,ആർട്ടിക്കിൾ 56ബി പ്രകാരം മൂന്ന് വർഷംകഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ട് പോകുന്നതാണ് രജിസ്റ്റർപ്രകാരം53507രൂപകാലഹരണപ്പെട്ടിട്ടുള്ളതായി കാണുന്നു. ആയത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

2008 ന് മുൻപ് നിർമ്മിക്കുകയും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ, ചട്ടം 235 എ ബി പ്രകാരം നമ്പർ പതിക്കുകയും ചെയ്ത കെട്ടിടങ്ങൾക്ക് മുകളിലായി പഞ്ചായത്തിന്റെ അനുമതി കൂടാതെ പുതിയ നിലകൾ നിർമ്മിക്കുന്നതിന് ക്രമവൽക്കരിക്കുന്നതിന് പലരും അപേക്ഷ നൽകിയിരിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉടമസ്ഥർ ഹാജരാക്കിയ കൈവശാവകാശ സർട്ടിഫിക്കറ്റുകളിൽ നിലമായാണ് ഈ കെട്ടിടങ്ങൾ നില്ക്കുന്ന സ്ഥലങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിലവിൽ വസ്തുനികുതി ഈടാക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പേരും, വിലാസവും	ആദ്യ നിലയ്ക്ക് നൽകിയിരിക്കുന്ന കെട്ടിട നമ്പർ	സർവ്വേ നമ്പർ	പ്ലിന്ത് ഏരിയ
1	ശ്രീ.പൊന്നൻ പിള്ള, പുഷ്പ നിവാസ്, എടക്കാലി, ഓമല്ലൂർ	VII/808	91/23, 91/22	154 Sq.m
2	ശ്രീ.വി.ജി.വിജയകുമാർ, വൃന്ദാവനം, മഞ്ഞിനിക്കര, ഓമല്ലൂർ	XIII/707	193/4	197.24 sq.m
3	ശ്രീ.പി.എൻ.പ്രസന്നകുമാർ, വലിയത്ത്, മഞ്ഞിനിക്കര, ഓമല്ലൂർ	XIII/35-C	352/9, 352/6-32	254 Sq.m
4	ശ്രീ.വിജയകുമാരൻ നായർ, തേക്കുംകാട്ടിൽ, ഓമല്ലൂർ	VIII/174	64/9-3, 64/9-4, 6	129 Sq.m
5	ശ്രീ.വി.രാമചന്ദ്രൻ നായർ, തേക്കാട്ട്, ഓമല്ലൂർ	I/624	196/12-1	901 Sq.m

സ.ഉ (എം.എസ്) നം. 150/2014/ ത.സ്വ.ഭ.വ, തീയതി.21.08.2014 പ്രകാരം 31.03.2013 നോ അതിനു മുൻപോ ഇപ്രകാരം നടത്തിയ നിയമാനുസൃതമല്ലാത്ത നിർമ്മാണ, പുനർ നിർമ്മാണ പ്രവർത്തികൾ ക്രമപ്പെടുത്തുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ആയതിനാൽ ടി ഉത്തരവ്, സബ് റൂൾ-4 പ്രകാരം അനധികൃത നിർമ്മാണത്തിന്റെ ഏരിയ കണക്കാക്കി ഫീസ് ഈടാക്കി വിശദമായ സ്കെച്ച്, പ്ലാൻ എന്നിവ ടൗൺ പ്ലാനറുടെ നിർദ്ദേശങ്ങൾ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിന് തടസ്സമല്ല. പ്രസ്തുത കെട്ടിടങ്ങൾക്ക് നിയമാനുസൃതമല്ലാത്ത നിർമ്മാണമെന്ന് സൂചിപ്പിക്കുന്ന യു.എ (un authourised) യോടൊപ്പം അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ, ചട്ടം 235എ(എ) പ്രകാരം സാധാരണ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതും ആയതിന്റെ രണ്ടിരട്ടികൂടി ഈടാക്കേണ്ടതുമാണ്. നിയമാനുസൃതമല്ലാത്ത കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കപ്പെടുകയോ ചെയ്യുന്നത് വരെ അതിന്റെ ഉടമസ്ഥൻ ഇപ്രകാരം വസ്തു നികുതി നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കും. അതോടൊപ്പംതന്നെ ഇപ്രകാരം പ്രത്യേക നമ്പർ നൽകപ്പെട്ടതും 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ

വ്യാപാരാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന്, ഗ്രാമ പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല.

2-4 ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക ഇനത്തിൽ 19473 രൂപ പിരിച്ചെടുക്കുവാൻ ശേഷിക്കുന്നു

2014-15 സാമ്പത്തിക വർഷം ഓമല്ലൂർ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 11, 15 കടമുറികൾ ലേലം കൊണ്ട വ്യക്തികൾ വാടക പൂർണ്ണമായും അടച്ചുതീർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കട മുറി നമ്പർ	വാടകക്കാരന്റെ മേൽവിലാസം	അടയ്ക്കേണ്ട മാസ വാടക	ആകെ അടയ്ക്കേണ്ട വാർഷിക വാടക	അടച്ച വാടക തുക	അടയ്ക്കാൻ ബാക്കി നിൽക്കുന്നത്
11	ഗോപാലകൃഷ്ണൻ നായർ, മേക്കാട്ട് പുത്തൻ വീട്, ഓമല്ലൂർ	2807	33684	25263	8421
15	രമ, ആശാരി പറമ്പിൽ, ഓമല്ലൂർ	1838	22056	11004	11052
	ആകെ				19473

ടി തുക വീഴ്ച വരുത്തിയ വാടകക്കാരിൽ നിന്നും പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

2-5 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

a) തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആര്യഭാരതി ഹയർ സെക്കൻഡറി സ്കൂളിലെ താഴെപ്പറയുന്ന അദ്ധ്യാപകർ നിയമനത്തിന് അംഗീകാരം ലഭിച്ചില്ല എന്ന കാരണത്താൽ 2014-15 ൽ തൊഴിൽ നികുതി അടച്ചിട്ടില്ല.

ക്രമ നം	ഉദ്യോഗസ്ഥന്റെ പേര്	തസ്തിക	അർദ്ധ വർഷം
1	ശ്രീമതി.ഷിനി കരുവിള	യു.പി.എസ്.എ	2014-15 I& II
2	ശ്രീമതി.ഹിമ ജോൺ	യു.പി.എസ്.എ	2014-15 I& II
3	ശ്രീ.അജി.പി.എബ്രഹാം	യു.പി.എസ്.എ	2014-15 I& II

ഇത് സംബന്ധിച്ച് സ്ഥാപന മേധാവിക്ക് കത്ത് നൽകുകയും നിയമനം നിലവിൽ അംഗീകരിച്ചിട്ടുണ്ടെങ്കിൽ അംഗീകരിച്ച തിയതി മുതലുള്ള തൊഴിൽ നികുതി, കുടിശ്ശിക സഹിതം ഈടാക്കുകയും ചെയ്യേണ്ടതാണ്.

b) സി.എസ്.ഡി ക്യാന്റീനിലെ ഉദ്യോഗസ്ഥരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓമല്ലൂരിൽ പ്രവർത്തിക്കുന്ന ക്യാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ഔട്ട് ലറ്റിലെ ജീവനക്കാർ നാളിതുവരെ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്യുന്നില്ല.ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ തൊഴിൽ നികുതി അടയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ടി സ്ഥാപനത്തിന് സെക്രട്ടറി നോട്ടീസ് നല്കിയിരുന്നു.ഇതിന് നല്കിയ മറുപടിയിൽ പ്രതിരോധമന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ ജീവനക്കാർ തൊഴിൽ നികുതി അടയ്ക്കേണ്ടതില്ല എന്ന നിലപാടാണ് അധികൃതർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ഈ വാദം നിലനില്ക്കുന്നതല്ല.കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ(1996ലെ ചട്ടം 3പ്രകാരം) വരുമാനം കണക്കാക്കി ക്യാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റിലെ ജീവനക്കാരിൽ നിന്നും നാളിതുവരെയുള്ള തൊഴിൽ അടിയന്തിരമായി ഈടാക്കേണ്ടതാണ്.

2-6 സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഓമല്ലൂരിൽ പ്രവർത്തിക്കുന്ന സപ്ലൈകോ-സൂപ്പർ മാർക്കറ്റിൽ നിന്നും 2014-15 ൽ രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓരോ അർദ്ധ വർഷവും 1250/- രൂപ നിരക്കിൽ കണക്കാക്കി ആകെ 2500/- രൂപ ടി സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

2-7 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ പ്രവർത്തിക്കുന്നു

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012, ചട്ടം-3 പ്രകാരം ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യത ഉളവാക്കുന്ന പ്രവർത്തിയായിരിക്കുമെന്നതിനാൽ നിശ്ചിത എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് 232 ാം വകുപ്പ് പ്രകാരം ലൈസൻസ് ആവശ്യമാണ്.

കേരള പഞ്ചായത്ത് രാജ് ആക്റ്റിന് വിരുദ്ധമായി താഴെപ്പറയുന്ന വ്യക്തികൾ 2014-15 സാമ്പത്തികവർഷം മുതൽ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ നടത്തുന്നുണ്ട്.

ക്രമ നം	നടത്തുന്ന വ്യക്തിയുടെ പേര്	വാർഡ്/കെട്ടിട നമ്പർ	ഫാമിന്റെ തരം
1	ശശിധരൻ പിള്ള, വാഴുവേലിൽ	V/468F	പന്നൾടി
2	രാധാകൃഷ്ണൻ നായർ,ദേവകി മന്ദിരം	VII/164B	-ടി-
3	സുരേഷ്.പി.എസ്, പുളിവേലിൽ വീട്	III/103-6,1	-ടി-

മേൽ പറഞ്ഞ ഫാമിൽ സംരക്ഷിക്കപ്പെടുന്ന പക്ഷികളുടെ/മൃഗങ്ങളുടെ എണ്ണം, വളർത്തുന്നതിനാവശ്യമായ കുറഞ്ഞ സ്ഥല വിസ്തൃതി എന്നിവ ചട്ടം അനുശാസിക്കുന്ന പട്ടികകൾ പ്രകാരം നിജപ്പെടുത്തി ഫീസ് ഈടാക്കി ഫാം ലൈസൻസ് അനുവദിക്കുകയോ അല്ലാത്തപക്ഷം നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടാൽ ഫാം അടച്ചുപൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

2-8 പരസ്യ നികുതി

ശബരിമല തീർത്ഥാടന കേന്ദ്രത്തിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട റോഡ് കടന്നു പോകുന്നത് ഗ്രാമപഞ്ചായത്ത് പരിധിയിലൂടെയാണ്. ഈ റോഡിന്റെ ഇരുവശവും നിരവധി ഹോർഡിംഗുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരസ്യനികുതി സംബന്ധിച്ച ബൈലോ പാസ്സാക്കി നികുതി ഈടാക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും 2014-15 സാമ്പത്തിക വർഷം വെറും 1206 രൂപ മാത്രമാണ് പരസ്യനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്.ഇത് യഥാർത്ഥത്തിൽ ലഭിക്കേണ്ട തുകയിൽ നിന്നും ഏറെ കുറവാണ്.ഇത് നികുതി പിരിവിന്റെ ഊർജ്ജിതക്കുറവാണ് സൂചിപ്പിക്കുന്നത്. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പരസ്യനികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 കോൺക്രീറ്റ് പ്രവർത്തിക്ക് അധിക നിരക്ക് നൽകി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രോജക്ട് നമ്പർ, പേര്	ആറ്റരികം വാർഡിൽ

	പുത്തൻകടവ് ഭാഗത്ത് ആറിന്റെ സംരക്ഷണം SO-111/14-15
അടങ്കൽ	200000/-
കോൺട്രാക്ടർ	ബിജു ഡാനിയൽ
എം.ബുക്ക് നമ്പർ	33/14-15
ബിൽ നമ്പർ, തീയതി,തുക	30/14-15, 24.032015, 184107/-

പുത്തൻകടവ് ഭാഗത്ത് ആറിന് സംരക്ഷണഭിത്തി കെട്ടുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇത് പ്രകാരം സംരക്ഷണ ഭിത്തി ഡി.ആർ കെട്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ആറാം ഇനമായ 20mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് വെയറിംഗ് കോട്ട് നിർമ്മിച്ചിട്ടുണ്ട് (1:2:4 കോൺക്രീറ്റ്). ഈ പ്രവൃത്തിക്ക് അനുവദനീയമായതിലും അധികമായ നിരക്കാണ് നൽകിയിരിക്കുന്നത്.

ഇനം	അളവ്	അനുവദനീയമായ നിരക്ക്/ തുക	നൽകിയ നിരക്ക്/ തുക	അധികം നൽകിയ തുക
1:2:4 കോൺക്രീറ്റ്	4000 dm3	74.75/ 10dm3, തുക-29900	78.70/ 10dm3 തുക-31480	1580

അധികം നൽകിയ 1580/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്

3-2 ഗ്രാമപഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ ദുരുപയോഗം

ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് 23.06.16 മുതൽ 05.07.16 വരെ നടത്തുകയുണ്ടായി.ഓഡിറ്റ് വേളയിൽ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ 22.06.15 വരെയുള്ള ലോഗ് ബുക്ക് പരിശോധിച്ചതിൽ. 02.02.16 ൽ പഞ്ചായത്ത് സെക്രട്ടറി അഗളിയിലെ അഹാർഡ്സ് എന്ന സ്ഥാപനത്തിൽ ഒരു പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് പോയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 03.02.2016 മുതൽ 05.02.16 വരെയായിരുന്നു പരിശീലന കാലയളവ് .എന്നാൽ 05.02.16 8 a.m ന് പ്രസ്തുത വാഹനം തമിഴ് നാട്ടിലെ കോയമ്പത്തൂർ എന്ന സ്ഥലത്തേക്ക് പോയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നിർമ്മിക്കുന്ന ആധുനിക അറവ് ശാലയുടെ യന്ത്രസാമഗ്രികളെ പറ്റിയുള്ള പഠനത്തിനായി പ്ലാന്റുകൾ സന്ദർശിക്കുന്നതിനായാണ് പ്രസ്തുത യാത്രയെന്നാണ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ യാത്ര സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തിന് പുറത്ത് ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരുന്നില്ല

സർക്കുലർ നമ്പർ 26136/പിട്ട്/2001/ത സ്വ ഭ വ 21-08-01 പ്രകാരം ജന പ്രതിനിധികളും ഉദ്യോഗസ്ഥരും ദീർഘദൂര ഔദ്യോഗിക യാത്രകൾക്ക് വളരെ അത്യാവശ്യമുണ്ടെങ്കിൽ മാത്രമേ ഔദ്യോഗിക വാഹനം ഉപയോഗിക്കാവൂ എന്നിരിക്കെ ഉടർച്ചയായ അഞ്ച് ദിവസം പഞ്ചായത്ത് പരിധിയിക്ക് പുറത്ത് ഔദ്യോഗിക വാഹനം ഉപയോഗിച്ചത് വാഹനത്തിന്റെ ദുരുപയോഗമാണ്.

അറവുശാലയ്ക്കുള്ള യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുള്ള പരിശോധനക്കായി പ്രൊക്യൂർമെന്റ് കമ്മറ്റിയോ പഞ്ചായത്ത് കമ്മിറ്റിയോ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടില്ല.

യന്ത്ര സാമഗ്രികൾ പരിശോധിച്ചത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് പഞ്ചായത്ത് കമ്മറ്റിക്ക് സമർപ്പിച്ചിട്ടില്ല

സെക്രട്ടറി നൽകിയ മറുപടിയിൽ 11.12.2015 ലെ തീരുമാനം നമ്പർ 4(1) പ്രകാരം സെക്രട്ടറി ഉൾപ്പടെ നാല് അംഗ കമ്മിറ്റിയെ അറവുശാലയ്ക്കുള്ള യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുള്ള പരിശോധനക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവർ ആരാണെന്നോ ഈ വിഷയത്തിൽ അവരുടെ സാങ്കേതിക ജ്ഞാനം എന്താണെന്നോ വ്യക്തമാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ മുൻകൂർ അനുവാദം വാങ്ങാതിരുന്നത് യാത്ര മുൻകൂട്ടി തീരുമാനിച്ച കാര്യമല്ലാത്തതിനാലാണ് എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ഇതിൽനിന്നും 11.12.2015 ലെ 4(1) തീരുമാനം വ്യാജമാണെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിയപ്പോൾ 4.07.2016 ൽ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശത്തെ തുടർന്ന് (ടി യാൾ ഈ സമയം അവധിയിലായിരുന്നു.)11.12.2015 ലെ 4(1) നമ്പർ തീരുമാനത്തിൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് ഉൾപ്പെടെ നാലംഗ കമ്മിറ്റിയെ ഉപകരണങ്ങളെപ്പറ്റി പഠനം നടത്തുവാനും എന്ന വാചകം തീരുമാന രജിസ്റ്ററിലും അറവുശാലയ്ക്കുള്ള ഉപകരണങ്ങളെപ്പറ്റി പഠിക്കുവാൻ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ശ്രീ.അഭിലാഷ്, ശ്രീ.സുജിത്ത് എന്നിവരെ തീരുമാനിച്ചു എന്ന വാചകം മിനിട്സ് ബുക്കിലും എഴുതി ചേർത്തിട്ടുണ്ട് എന്ന് സെക്ഷൻ ക്ലർക്ക് സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

03-02-2016 മുതൽ 05-02-2016വരെയായിരുന്നു അഹാർഡ്സിലെ പരിശീലന പരിപാടി. സെക്രട്ടറി നൽകിയ മറുപടിയിൽ പരിശീലന പരിപാടി കഴിഞ്ഞ് 5ാം തീയതി വൈകുന്നേരം 4pmന്ശേഷമാണ് കോയമ്പത്തൂരിൽ പോയത് എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് 5ാം തീയതി രാവിലെ 8 മ ന്ന് യാത്ര തിരിച്ചു എന്നാണ്.

ഇതിൽനിന്നും സെക്രട്ടറി നൽകിയ മറുപടി വസ്തുതാപരമായി തെറ്റാണെന്നുകാണാം. കൂടാതെ ഇത് ഇന്ത്യൻ ശിക്ഷാനിയമം ഐ. പി. സി. സെക്ഷൻ 464, 466 എന്നിവ പ്രകാരം ഫോർജറി ഓഫ് പബ്ലിക് ഡോക്യുമെന്റ് എന്ന വിഭാഗത്തിൽപ്പെടുന്നതും ആയതിന് പരമാവധി ഏഴ് വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്നതുമാണ്.

വാഹനത്തിന്റെ ദുരുപയോഗം, ഫോർജറി ഓഫ് പബ്ലിക് ഡോക്യുമെന്റ് എന്നീ വിഷയങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നു.

3-3 പണിതിട്ടും പണിതിട്ടും പണിതീരാത്ത അറവുശാല

ആധുനിക അറവുശാല നിർമ്മാണവും,ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കലും എന്ന പദ്ധതി 2011-12 സാമ്പത്തിക വർഷമാണ് ആരംഭിച്ചത്.13ാം വാർഡിലാണ് പ്രസ്തുത അറവുശാല സ്ഥിതിചെയ്യുന്നത്. എന്നാൽ നാളിതുവരെ അറവുശാലയുടെ പണി പൂർത്തീകരിച്ചിട്ടില്ല. ഈ പദ്ധതി 2015-16ൽ വിവിധ പ്രൊജക്റ്റുകളായി വിഭജിച്ച് സ്പിൽ ഓവറായി അംഗീകാരം നേടിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>1) ടോo 123/16 അറവുശാല കെട്ടിട നിർമ്മാണം</u>

നാളിതുവരെ 1612837(നികുതി ഉൾപ്പെടെ)രൂപ കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടംപണി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.ഫ്ലോറിംഗ്, വാൾ ടൈലിംഗ് എന്നിവ പൂർത്തീകരിക്കാനുണ്ട്.

<u>2) ടോo 129/16 അറവുശാലയുടെ ഡ്രെയ്നേജ് / ടാങ്ക് നിർമ്മാണം</u>

ശുചിത്വ മിഷൻ ഫണ്ട് 325000രൂപ വകയിരുത്തിയിട്ടുണ്ട്. ഗുണഭോക്തൃസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല.

<u>3) ടോo 128/16 ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റ് പിറ്റ്</u>

ശുചിത്വ മിഷൻ ഫണ്ട് 2400000 രൂപ വകയിരുത്തിയിട്ടുണ്ട് സർക്കാർ അംഗീകൃത ഏജൻസി മുഖേന നിർവ്വഹണം നടത്താൻ തീരുമാനിച്ചെങ്കിലും നാളിതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

<u>4) ടോo 117/16 അറവുശാലയുടെ ഇലക്ട്രിഫിക്കേഷൻ</u>

ശുചിത്വ മിഷൻ ഫണ്ട് 900000 രൂപ വകയിരുത്തിയിട്ടുണ്ട് ഇതിൽനിന്നും 727875 രൂപ 16-02-2015ൽ PWD ഇലക്ട്രിക്കൽ സെക്ഷന് നൽകിയിട്ടുണ്ട് എന്നാൽ നാളിതുവരെ യാതൊരു പ്രവർത്തനവും തുടങ്ങിയിട്ടില്ല.

PWD ഇലക്ട്രിക്കൽ സെക്ഷന്റെ അഭിപ്രായത്തിൽ അറവുശാലകെട്ടിടത്തിന്റെ നിലവിലുള്ള രൂപഘടനയ്ക്ക് വ്യത്യാസം വരുത്തിയെങ്കിൽ മാത്രമേ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയൂ. അതായത് നിലവിലുള്ള കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ നടത്താൻ കഴിയില്ല. ആയതിനാൽ രൂപഘടന മാറ്റുമ്പോൾ അധികചെലവുണ്ടാവുകയും, ആയത് അറവുശാലയുടെ അടിസ്ഥാന രൂപഘടനയിലുണ്ടാകുന്ന വ്യത്യാസം അറവുശാല പ്രവർത്തനത്തെ ഏതു തരത്തിൽ ബാധിക്കുമെന്നും വ്യക്തമല്ല.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1 അറവുശാലകെട്ടിടത്തിന്റെ ഔദ്യോഗിക പ്ലാൻ എസ്റ്റിമേറ്റ്

2 മലിനികരണ നിയന്ത്രണ ബോർഡിന്റെ അനുമതി.

3 ആരോഗ്യവകുപ്പിന്റെ അനുമതി.

4 പ്രൊജക്ട് റിപ്പോർട്ട്

എന്നിവയൊന്നും ഫയലിൽ ലഭ്യമാക്കിയിരുന്നില്ല. അറവുശാല കെട്ടിട നിർമ്മാണത്തിനായി 1612837 രൂപയും,

ഇലക്ട്രിഫിക്കേഷനായി 727875 രൂപയുമടക്കം 2340712രൂപ നാളിതുവരെ ഈ പ്രൊജക്ടിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത്രയും തുക ചെലവഴിച്ചിട്ടും അഞ്ചു വർഷം കൊണ്ട് പദ്ധതിയുടെ 30% പോലും പൂർത്തീകരിക്കാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. കൂടാതെ ഇതിനൊപ്പം വിഭാവനം ചെയ്ത ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെയായി ആരംഭിച്ചിട്ടുകൂടിയില്ല. പൊതു മാർക്കറ്റിൽ മാലിന്യം അടിഞ്ഞുകൂടി ദുർഗന്ധം വമിക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. നിരവധി പൊതുജനങ്ങൾ ഒത്തുകൂടുന്ന ഈ പ്രദേശത്ത് പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത കൂടുതലാണ്. കഴിയുന്നതും വേഗം പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നാളിതുവരെ ചെലവഴിച്ചതുക പാഴ്ചെലവായി മാറുന്നതായിരിക്കും.

3-4 വാർഷിക പദ്ധതിയിൽ എല്ലാ വികസന മേഖലകൾക്കും അർഹമായ പരിഗണന നൽകിയില്ല

പഞ്ചായത്ത് രാജ് നിയമം മൂലം (കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166 വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ കൃഷി, മൃഗസംരക്ഷണം തുടങ്ങി 19 മേഖലകളിലുള്ള ചുമതലകളുടെ നിർവ്വഹണത്തിനായിരിക്കണം ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടത്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ എല്ലാം വികസന മേഖലകൾക്കും അർഹമായ പരിഗണന നൽകിയിട്ടില്ല. കാർഷിക മേഖലയിലെ ഫണ്ടിന്റെ വിനിയോഗം നാമമാത്രമായിരുന്നു. വിദ്യാഭ്യാസം, ക്ഷീരവികസനം, മത്സ്യബന്ധനം തുടങ്ങിയ ഉല്പാദന മേഖലകളെ പൂർണ്ണമായും അവഗണിച്ചു. പൊതുമരാമത്ത് മേഖലയിൽ റോഡ് നിർമ്മാണത്തിനാണ് വാർഷിക പദ്ധതിയിൽ മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ	നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ്	ചെലവ് ശതമാനം	2014-15-ലെ ആകെ ചെലവിന്റെ (21433442) ശതമാനം
1	കൃഷി ഓഫീസർ	4	1373960	4	871160	63.4	3.79
2	മൃഗസംരക്ഷണം	4	2188000	4	774000	35.37	3.37
3	എം.ഒ. (പി.എച്ച്.സി.)	5	812000	5	698707	86.04	3.04
4	എം.ഒ. (ആയുർവേദം)	2	330000	2	329150	99.74	1.43
5	വി.ഇ.ഒ.	8	4964000	5	1620000	32.36	7.05
6	ഐ.സി.ഡി.എസ് സൂപ്പർവൈസർ	5	1312105	5	1146419	87.3	4.9
7	സെക്രട്ടറി	24	8717876	17	3670183	42.09	15.98
8	അസി.എഞ്ചിനീയർ	47	18624547	43	11723181	62.94	51.04
	എച്ച്.എം	3	270000	3	270000	100	1.17
	അസി.സെക്രട്ടറി	9	2679875	8	1863875	69.5	8.1
	ആകെ	111	41272363	96	22966675	55.64	

വാർഷിക പദ്ധതിയിൽ എല്ലാ വികസന മേഖലകൾക്കും, പ്രത്യേകിച്ച് ഉല്പാദന മേഖലയ്ക്ക് അർഹമായ പരിഗണന നൽകുന്ന വിധത്തിലായിരിക്കണം ഭാവിയിൽ പദ്ധതികൾ തയ്യാറാക്കേണ്ടത്.

3-5 സർവശിക്ഷാ അഭിയാൻ- അപാകതകൾ

പ്രോജക്ട് നംബർ SOO 42/15

ബിൽ നംബർ 1/14-15/13-10-14

തുക-200000

നിർവഹണം -ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്. വാഴമുട്ടം

2014-15 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ എൽ.പി. സ്കൂളുകളുടെ സമഗ്രവികസനത്തിനായി എസ്.എസ്. എ്യ്ക്ക് നൽകിയ 200000 രൂപ മൊത്തമായും വിനിയോഗിച്ച എന്ന റിപ്പോർട്ടാണ് എസ്.എസ്.എ അധികൃതർ നൽകിയത്. എന്നാൽ അവരുടെ പ്രോജകട് റിപ്പോർട്ട് പ്രകാരം ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട സ്കൂളുകളിൽ നടപ്പാക്കി എന്ന് ഉറപ്പാക്കാൻ ഈ വിനിയോഗ സാക്ഷ്യപത്രപ്രകാരം സാധ്യമല്ല. ആയതിനാൽ ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന കൃത്യമായ വിവരം പണം നൽകിയഏജൻസി എന്നനിലയ്ക്ക് ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതാണ്.കൂടാതെ ഇനം തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കാൻ എസ്. എസ്. എ യോട് ആവശ്യപ്പെടുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

3-6 ഭവന പുനരുദ്ധാരണം (എസ് സി)നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നമ്പർ s0048 /15

അടങ്കൽ 350000

ആകെ ഗുണഭോക്താക്കൾ 19

പണി പൂർത്തിയാക്കിയത് 18

ബിൽ നമ്പർ, തിയതി 2 /14-15/21-12-2014 ,,140000

നിർവഹണം അസിസ്റ്റന്റ് സെക്രട്ടറി

ഈ പദ്ധതി പ്രകാരം പട്ടിക ജാതിയിൽ പ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി 25000രൂപ അനുവദിച്ചിട്ടുണ്ട്. 2014-15 കാലയളവിൽ തെരഞ്ഞെടുക്കപ്പെട്ട 19 ഗുണഭോക്താക്കളിൽ 18 പേർ പദ്ധതി പൂർത്തീകരിച്ചെങ്കിലും സുധ ആനന്ദൻ, നെല്ലിയത്ത് വീട്, എളൊക്കറി എന്ന വ്യക്തി നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 14-01-2015 തീയതിയിലെ 1716602ാം നമ്പർ ഡി ഡി പ്രകാരം ടിയാൾ 10000രൂപ കൈപ്പറ്റിയിട്ടുണ്ട്.ഗുണഭോക്താവിനെക്കൊണ്ട് പണി പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്

3-7 പത്താംതരം തുല്യതാ പഠനം-തുകചെലവഴിച്ചതിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ S00 35/15

ബിൽ നമ്പർ,തീയതി 3/14-15/21-03-14 ,

തുക 30000/-

എച്ച്.എം നിർവ്വഹണോദ്യോഗസ്ഥനായ പത്താംതരം തുല്യതാ പഠനം എന്ന പ്രോജക്ടിനായി 30000രൂപ വകയിരുത്തുകയും അത്രയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവഴിച്ച 30000 രൂപയിൽ 24200 രൂപ പരീക്ഷാ ഫീസ്,കോഴ്സ് ഫീസ് എന്നീ ഇനത്തിലും, 5800രൂപ പഠനോപകരണങ്ങൾ വാങ്ങുന്നതിനുമായാണ് ചെലവഴിച്ചിട്ടുള്ളത്.

ഈ പ്രോജക്ട് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- സർക്കുലർ നമ്പർ 48360/എഫ്.എം 1/2009 ത.സ്വ.ഭ.വ തീയതി 6.10.2009 പ്രകാരം പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ കോഴ്സ് ഫീസ് , പരീക്ഷാ ഫീസ് എന്നിവ പട്ടികജാതി, പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുന്നതിനാൽ അവരുടെ കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നിവ തദ്ദേശ ഭരണസ്ഥാപനങ്ങൾ നൽകുവാൻ

പാടില്ല. ഇതിനു വിരുദ്ധമായി ആകെയുള്ള 11 പഠിതാക്കളിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 7 പേരുടെ കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നീ ഇനങ്ങളിലായി 15400 രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

- മേൽ സർക്കുലർ പ്രകാരം പത്താംതരം തുല്യതാ പഠിതാക്കളുടെ പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് എന്നിവ മാത്രമേ ഒടുക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുള്ളൂ. ഇതിനുപരിയായി ടി വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങൾ വാങ്ങുന്നതിനായി 5800 രൂപ കൂടി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ടി ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ സൂചിപ്പിച്ച ചെലവുകൾ ക്രമപ്രകാരമല്ല. ആയതിനാൽ പട്ടിക ജാതി വിദ്യാർത്ഥികൾക്കായി പരീക്ഷാ ഫീസിനത്തിൽ ചെലവഴിച്ച തുക പട്ടിക ജാതി, പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിപ്പിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. അതോടൊപ്പംതന്നെ മാർഗ്ഗ നിർദ്ദേശത്തിൽ ഉൾപ്പെടാത്ത ചെലവുകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2014-15	70000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	70000	0
ബ്ലോക്ക് പഞ്ചായത്ത്	2014-15	100000	സ്വാന്തന പരിചരണം	81330	18670

4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ചെക്ക് നമ്പർ	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ	ഡി.ഡി.നമ്പർ-175932/30.12.2014	97120	--	97120
കെ.എസ്.ഇ.ബി	വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ	ഡി.ഡി.നമ്പർ -4707969/23.03.15	42160	--	42160
കെ.എസ്.ഇ.ബി	വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ	ഡി.ഡി.നമ്പർ. 118700/01.09.14	101375	---	10137
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	ഡി.ഡി.നമ്പർ. 118441/28.08.14	13505	--	13505

2014-15സാമ്പത്തികവർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 254160രൂപ വിവിധ ഏജൻസികളിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഒരു പ്രവൃത്തിപോലും

പൂർത്തീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ഒടുക്കുവരുത്തുമ്പോൾ പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റ് വെയ്ക്കേണ്ടതും ആയത് സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ ഇവിടെ കെ.എസ്.ഇ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയുമായി കരാർ ചമച്ചിട്ടില്ല.ആയതിനാൽ ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയില്ല. പ്രസ്തുത നിർവ്വഹണ ഏജൻസികളുമായി നിരന്തര സമ്പർക്കം പുലർത്തി പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

2014-15

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇല്ല.						

4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപം ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
ഇല്ല.				

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം		വർഷം
ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം]	:	51881629.54
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	41587040
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	7380
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	ഇല്ല

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		1580	ദീപ്തി. കെ, അസിസ്റ്റന്റ് എഞ്ചിനീയർ
3-7		5800	രാജൻ ബാബു ഹെഡ് മാസ്റ്റർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
ഇല്ല		

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക
ഇല്ല	

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ദീപ്തി. കെ, അസിസ്റ്റന്റ് എഞ്ചിനീയർ	അസി.എക്സി.എൻജിനീയർ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	കോട്ടൂർ വീട് ,വെട്ടിക്കവല പി.ഒ. കൊട്ടാരക്കര.
രാജൻ ബാബു ഹെഡ് മാസ്റ്റർ	സർവീസ്സിൽ നിന്ന് വിരമിച്ചു.	കല്ലൂരേത്ത് വീട് ,പ്രമാടം പി.ഒ പത്തനംതിട്ട.

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1995-96	എൽ.എഫ്.പി.റ്റി.എ-പി2/622 97/ തീയതി 10-12-97	2
1996-97	എൽ.എഫ്.പി.റ്റി.എ-പി2/790 2000/തീയതി 04-07-01	3
1997-98	എൽ.എഫ്.പി.റ്റി.എ-പി.2/790A/2000/തീയതി06-11-01	5
1998-99	എൽ.എഫ്.പി.റ്റി.എ-പി2/607 01 തീയതി 23-03-02	16
1999-00	എൽ.എഫ്.പി.റ്റി.എ-പി2/670 01 തീയതി 03.04-02	
2000-01	എൽ.എഫ്.പി.റ്റി.എ-പി3/829 01തീയതി 10-04-02/20-09-02	
2001-02(ജ.ആ)	എൽ.എഫ്.പി.റ്റി.എ-പി3/452 04തീയതി 18-04-07/ 07-02-05	3
2001-02(ചെലവ്)	എൽ.എഫ്.പി.റ്റി.എ-പി.3/536 05 തീയതി 02-11-05 /15-02-2006	
2001-02(വരവ്)	എൽ.എഫ്.പി.റ്റി.എ-പി.3/169 08 തീയതി 28-10-08	
2002-03 (ചെലവ്)	എൽ.എഫ്.പി.റ്റി.എ-പി.3/726 06 തീയതി 12-12-06 / 05-10-06	6
2002-03 (വരവ്)	എൽ.എഫ്.പി.റ്റി.എ-പി3/.170 08തീയതി 28.10.08	
2003-04	എൽ.എഫ്.പി.റ്റി.എ-പി.11/171/08തീയതി 20-01-09	5
2004-05	എൽ.എഫ്.പി.റ്റി.എ-പി.11/702/09 തീയതി 04-06-10	4
2005-06	എൽ.എഫ്.പി.റ്റി.എ-പി.11/103/09തീയതി 04-06-10 /29-10-11	5
2006-07	എൽ.എഫ്.പി.റ്റി.എ-പി.6/36 11തീയതി 03-11-11 / 03-08-12	3
2007-08	എൽ.എഫ്.പി.റ്റി.എ-പി.6/37 11തീയതി 03-11-11 / 04-08-12	6
2008-09	എൽ.എഫ്.പി.റ്റി.എ-പി.6/877 11തീയതി 03-10-11 / 06-08-12	

2009-10,2010-11	എൽ.എഫ്.പി.റ്റി.എ-പി.1/878 12തീയതി 10-12-12	
2011-12,2012-13	നം.എൽ.എഫ്.പി.റ്റി.എ.പി 5/777/14തീയതി.29.11.14	
2013-14	നം.എൽ.എഫ്.പി.റ്റി.എ.പി 5/537/2015 തീയതി.6.07.15	

4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ). ചാർജ്/ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

----------------ഇല്ല----------------

(ബി) ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

---------------ഇല്ല------------------

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1

ഓഡിറ്റ്സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി..5/ 748/2016 **തീയതി** 16-07-2016

ഓഡിറ്റ്സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2014-15ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSAPTA .P5/ 748/2016 Dated 16-07-2016

AUDIT CERTIFICATE

Certified that I have Audited the Annual Financial Statement of Omalloor Grama Panchayat in Pathanamthitta district for the year ended on 31.03.2015 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Puramattom Grama Panchayat for the year 2014-15 except the observations in my audit report properly presents the picture of income and expenditure.

Deputy Director (HG.)

Kerala State Audit Department

Pathanamthitta